## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 74
## 30.11.2015- ലെ മറുപടിക്ക്

## ഫയർസ്റ്റേഷന് ആസ്തിവികസന ഫണ്ടിൽ നിന്ന് തുക

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ആസ്തിവികസന ഫണ്ടിൽ നിന്നും ഫയർ സ്റ്റേഷനുകൾക്ക് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി എം.എൽ.എ മാർ സമർപ്പിച്ച അപേക്ഷകൾക്ക് അനുമതി നൽകാതെ ധനകാര്യ വകുപ്പ് തിരിച്ചയക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പൊതുജനോപകാരപ്രദവും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ മൂലധന സ്വഭാവമുള്ള സ്ഥിരമായ ആസ്തികളുടെ സൃഷ്ടിയാണ് നിയോജക മണ്ഡല ആസ്തിവികസന പദ്ധതിയിൻകീഴിൽ ലക്ഷ്യ മിട്ടിരിക്കുന്നത്. ഇപ്രകാരമുള്ള നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡ മനുസരിച്ച് ഫയർ സ്റ്റേഷനുകൾക്ക് ഉപകരണങ്ങളും മറ്റും വാങ്ങുന്നത് അനുവദനീയമല്ലാത്ത സാഹചര്യ ത്തിൽ ചാലക്കുടി ഫയർ സ്റ്റേഷന് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള അപേക്ഷ അടക്കമുള്ള വിവിധ ശുപാർശകൾക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. |
| (ബി) തടസ്സങ്ങൾ നീക്കി, ഫയർ സ്റ്റേഷനുകൾക്ക് ആസ്തി വികസന ഫണ്ടിൽ നിന്നും ഉപകരണ സൗകര്യങ്ങളടക്കമുള്ള അടിസ്ഥാന സൗകര്യവികസനത്തിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ; | |
| (സി) ചാലക്കുടി ഫയർസ്റ്റേഷന് ഉപകരണങ്ങൾ വാങ്ങുന്നതടക്കമുള്ള വികസന പ്രവർത്തനങ്ങൾക്ക് ആസ്തി വികസന ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ അടിയന്തിര അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | |

Sreekumar AK

**സെക്ഷൻ ഓഫീസർ**